"ഭരണഭാഷ – മാതൃഭാഷ"

**കേരളസർക്കാർ**

**ഉദ്യോഗസ്ഥ–ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നമ്പർ.ഒ.എൽ4/11/2023/പി & എ.ആർ.ഡി

തിരുവനന്തപുരം
തീയതി : 09/02/2023

**സർക്കുലർ**

വിഷയം:– ഉദ്യോഗസ്ഥ – ഭരണപരിഷ്കാര (ഔദ്യോഗികഭാഷ)വകുപ്പ്– ലോക മാതൃഭാഷാദിനം – സംബന്ധിച്ച്.
സൂചന : – 16.02.2018– ലെ സ.ഉ. (സാധാ) നം.90/2018/ഉഭപവ നമ്പർ ഉത്തരവ്.

കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഭാഷാ – സാംസ്കാരിക പരിപാടികളിൽ ഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കണമെന്ന് സൂചനയിലെ ഉത്തരവു പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലോക മാതൃഭാഷാദിനമായ ഫെബ്രുവരി 21 – ന് എല്ലാ വിദ്യാലയങ്ങളിലും മലയാളം മാതൃഭാഷയായിട്ടുള്ള അധ്യാപകരും വിദ്യാർഥികളും താഴെക്കൊടുത്തിരിക്കുന്ന പ്രതിജ്ഞയെടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

***"മലയാളമാണ് എന്റെ ഭാഷ***
***എന്റെ ഭാഷ എന്റെ വീടാണ്.***
***എന്റെ ആകാശമാണ്.***
***ഞാൻകാണുന്ന നക്ഷത്രമാണ്.***
***എന്നെത്തഴുകുന്ന കാറ്റാണ്.***
***എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.***
***എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.***
***ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്***
***എന്റെ ഭാഷയിലാണ്.***
***എന്റെ ഭാഷ ഞാൻതന്നെയാണ്."***

**കൃഷ്ണകുമാർ വി ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

പൊതുവിദ്യാഭ്യാസവകുപ്പ് / ഉന്നതവിദ്യാഭ്യാസവകുപ്പ്
എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
പൊതുവിദ്യാഭ്യാസ ഡയറക്ടർ/ വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ/ കോളേജ് വിദ്യാഭ്യാസഡയറക്ടർ /മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ / സാങ്കേതിക വിദ്യാഭ്യാസഡയറക്ടർ / ഹയർ സെക്കൻഡറി ഡയറക്ടർ .
വെബ് & ന്യൂ മീഡിയ വിഭാഗം (വിവരപൊതുജനസമ്പർക്കവകുപ്പ്) (പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.